**ക്രമപ്രശ്നം**

നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം

ശ്രീ. സി. ദിവാകരൻ: സർ, നിയമസഭാ നടപടിക്രമങ്ങളിൽ സംഭവിച്ച നിയമങ്ങളുടേയും ചട്ടങ്ങളുടേയും ലംഘനമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. 27.07.2015-ൽ നിയമസഭയിൽ പാസ്സാക്കിയ 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ (ബിൽ നം. 346) നിയമാനുസൃതമല്ല. ഭരണഘടനയുടെ 198-ാം വകുപ്പുപ്രകാരം മണി ബില്ലായിട്ടാണ് 2008-ലെ കേരള നെൽവയൽ നീർത്തട സംരക്ഷണ ആക്ടിൽ മാറ്റം വരുത്തിക്കൊണ്ട് 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അവതരിപ്പിച്ച് പാസ്സാക്കിയിരിക്കുന്നത്. പ്രസ്തുത ബിൽ Rules of Business പ്രകാരം റവന്യൂ വകുപ്പാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. കാരണം മൂലബിൽ ഭൂമി സംബന്ധമായ വിവരങ്ങൾ അടങ്ങിയതായതിനാൽ റവന്യൂ വകുപ്പുമന്ത്രിയാണ് അവതരിപ്പിച്ചത്. ബന്ധപ്പെട്ട ബില്ലിലെ ഭേദഗതികൾ Rules of Business പ്രകാരം റവന്യൂ വകുപ്പുമന്ത്രിയാണ് സഭയിൽ അവതരിപ്പിക്കേണ്ടത്. ധനകാര്യ വകുപ്പുമന്ത്രി 2-ാം നമ്പർ മണി ബില്ലായിട്ടാണ് ഭൂമി സംബന്ധമായ ഭേദഗതി സഭയിൽ അവതരിപ്പിച്ചത്. ഭരണഘടനയിലെ ആർട്ടിക്കിൾ 199-ൽ മണി ബില്ലിനെക്കുറിച്ച് വ്യക്തമായ

നിർവ്വചനം നൽകിയിട്ടുണ്ട്. ഈ നിർവ്വചനത്തിന്റെ പരിധിയിൽ ബില്ലിലെ വിഷയം വരുന്നില്ല. പ്രസ്തുത നടപടിക്രമങ്ങളുടെ വീഴ്ചയാണ്. ഭരണഘടനയുടെ ആർട്ടിക്കൾ 199 (2)-ൽ പറയുന്നത് "A Bill shall not be deemed to be a Money Bill by reason only that it provides for the imposition of fines or other pecuniary penalties, or for the demand or payment of fees for licenses or fees for services rendered, or by reason that it provided for the imposition, abolition, remission, alteration or regulation of any tax by any local authority or body for local purposes." എന്നാണ്. ഭരണഘടനാ അനുച്ഛേദത്തിന്റെ അടിസ്ഥാനത്തിൽ 27.07.2015-ൽ ധനകാര്യ (2-ാം നമ്പർ) ബിൽ എന്ന പേരിൽ അവതരിപ്പിച്ച് പാസ്സാക്കിയ ഭൂമി സംബന്ധമായ ബിൽ അവതരണം ക്രമത്തിലല്ലാത്തതിനാൽ പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ക്രമപ്രശ്നം അനവസരത്തിലുള്ള ഒന്നാണ്. കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു മണി ബിൽ അല്ലെന്നാണ് ശ്രീ. സി. ദിവാകരൻ പറയുന്നത്. സഭയിൽ അവതരിപ്പിച്ച ഒരു ബിൽ ഒരു മണി ബിൽ ആണോ അല്ലയോ എന്ന് ഉന്നയിക്കാനുള്ള ഒരംഗത്തിന്റെ അവകാശം പ്രസ്തുത ബിൽ

സഭയിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്ന സമയത്താണ്. ഇപ്പോൾ ആ സമയമല്ല. പ്രസ്തുത ബിൽ 22.03.2015-ലാണ് സഭയിൽ അവതരിപ്പിച്ചത്. അതിനുശേഷം 23.07.2015-ൽ സഭ പ്രസ്തുത ബിൽ പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ 27-ാം തീയതി സഭ പരിഗണിച്ചു, സുദീർഘമായ ചർച്ചയ്ക്കുശേഷം പാസ്സാക്കി. ഈ അവസരത്തിലൊന്നും ബഹുമാനപ്പെട്ട മെമ്പർ ഇത്തരമൊരു ക്രമപ്രശ്നം ഉന്നയിച്ചില്ല. സഭ പാസ്സാക്കിയ ബിൽ ഗവർണ്ണറുടെ അനുമതിയോടെ നിയമസഭയുടെ ആക്ടായി കഴിഞ്ഞദിവസം പ്രസിദ്ധീകരിക്കപ്പെട്ടു. ഭരണഘടനയനുസരിച്ച് മണി ബിൽ ഏതെല്ലാമെന്ന് ഭരണഘടനയുടെ 199(1)-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആർട്ടിക്കിൾ 199(3) അനുസരിച്ച് ഒരു ബിൽ, മണി ബിൽ ആണോ അല്ലയോ എന്ന ഏതെങ്കിലും ഒരു പ്രശ്നം ഉത്ഭവിക്കുകയാണെങ്കിൽ അതിന്മേൽ നിയമസഭാ സ്പീക്കറുടെ തീരുമാനം അന്തിമമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമസഭ പാസ്സാക്കി, ഗവർണ്ണറുടെ അനുമതി ലഭിച്ച്, നിയമം ആയതിനാൽ ഈ വിഷയം ഇപ്പോൾ പുനഃപരിശോധിക്കേണ്ട ആവശ്യമില്ല. ബഡ്ജറ്റിലെ ധനകാര്യ നിർദ്ദേശങ്ങളാണ് ഫിനാൻസ് ബില്ലിൽ കൊണ്ടുവരുന്നത്. അതിൽ നികുതി നിർദ്ദേശങ്ങൾ, ചുങ്കം പിരിക്കൽ, സെസ്സ് പിരിക്കൽ, ഫീസ് പിരിക്കൽ

എന്നിവയുമുണ്ടാകും. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം മലയാളത്തിൽ ആയതുകൊണ്ടാണ് 2-ാം നമ്പർ ഫിനാൻസ് ബിൽ മലയാളത്തിൽ കൊണ്ടുവന്നത്. അതിൽ ഫീസ് എന്നുപരാമർശിക്കുന്നത് നികുതി തന്നെയാണ്. സഭയ്ക്കകത്ത് ശ്രീ. സി. ദിവാകരൻ എന്നോടുകാണിച്ചുകൊണ്ടിരിക്കുന്ന സൗമനസ്യത്തിന് പ്രത്യേകമായ നന്ദി. പിണക്കമൊക്കെ മാറിയെന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞാൻ ഉന്നയിച്ചത് പിണക്കം ഇണക്കം എന്നുള്ള കാര്യമല്ല. നഗ്നമായി ഭരണഘടനാ ലംഘനം നടത്തിയതിന് സ്പീക്കറുടേയും സഭയുടേയുമല്ല..... ഇന്ത്യൻ ഭരണഘടന ബൈപാസ് ചെയ്യാൻ ഒരു നിയമവും അനുവദിക്കുന്നില്ല. ഇത് ഭരണഘടനാ ലംഘനമാണ് ......(മൈക്ക് ഓഫ്).........

<u>മി. സ്പീക്കർ</u>: ശ്രീ. സി. ദിവാകരൻ, ചെയർ അക്കാര്യത്തിൽ റൂളിംഗ് നൽകും.

(മന്ത്രിയുടെ മറുപടി തെറ്റാണെന്നും പ്രസ്തുത നിയമം പാസ്സാക്കിയത് ഭരണഘടനാ ലംഘനമാണെന്നും ആരോപിച്ചുകൊണ്ട് ശ്രീ. സി. ദിവാകരൻ സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ഇതുകൂടി കേട്ടിട്ട് പൊയ്ക്കൊള്ളൂ. Mohammad Syed Siddiq Vs. State of U.P.-എന്ന കേസ്സിലെ 2014-ലെ സുപ്രീംകോടതി

വിധിയിൽ അന്ന് ചീഫ് ജസ്റ്റിസായിരുന്ന, ഇപ്പോഴത്തെ കേരള ഗവർണ്ണർ മണി ബിൽ അന്തിമമായാൽ അത് ഒരുതരത്തിലും ചോദ്യം ചെയ്യാൻ പറ്റില്ലായെന്ന് അസന്നിഗ്ദ്ധമായി പറയുകയുണ്ടായി. ഭരണഘടനയുടെ 255-ാം അനുച്ഛേദപ്രകാരം ഗവർണ്ണറുടെ അനുമതി ലഭിച്ച ബിൽ സഭയിലെ നടപടിച്ചട്ടങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽപ്പോലും അത് നിയമത്തെ അസാധുവാക്കുകയില്ലെന്ന് പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം പ്രസക്തമല്ല.

## 2. നിയമം പാസ്സാക്കിയ ബിൽ പിൻവലിക്കണമെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം

ശ്രീ. സി. മമ്മൂട്ടി: സർ, പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി നടത്തിയ ജലചൂഷണത്തിന്റെ ഇരകൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ട്രിബ്യൂണൽ സ്ഥാപിക്കുന്നതിന് ഒരു ബിൽ 24-02-2011-ൽ നിയമസഭ പാസ്സാക്കുകയുണ്ടായി. ഈ ബിൽ രാഷ്ട്രപതിയുടെ അനുമതിക്കായി കേരള ഗവർണ്ണർ അയച്ചുകൊടുത്തിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ജോയിന്റ് സെക്രട്ടറി ശ്രീ. ജെ. പി. അഗർവാൾ ഈ ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന ഗവർണ്ണർക്ക് കത്ത് എഴുതി എന്നാണ് മനസ്സിലാകുന്നത്. ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ അനുമതിക്കായി അയയ്ക്കുന്ന ബില്ലിന് അനുമതി നൽകുന്നുവെന്നോ

അല്ലെങ്കിൽ അനുമതി നൽകുന്നില്ലെന്നോ രാഷ്ട്രപതി പ്രഖ്യാപിക്കേണ്ടതും അതൊരു പണബില്ല് അല്ലെങ്കിൽ 200-ാം ആർട്ടിക്കിളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി ഗവർണ്ണർക്ക് തിരിച്ച് അയയ്ക്കാൻ നിർദ്ദേശിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് സ്പീക്കർ നേരത്തെ റൂളിംഗ് നൽകിയിട്ടുമുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം പ്ലാച്ചിമടയിലെ കൊക്കകോളയുടെ ദുരന്തങ്ങൾ മനസ്സിലാക്കി 1999-ൽ സ്ഥാപിച്ച കമ്പനി അടച്ചുപൂട്ടാൻ സുപ്രീം കോടതി വിധിയുണ്ടായി. ഗവൺമെന്റ് അതിന് നടപടി സ്വീകരിച്ചു. 2004-ൽ ആ കമ്പനി അടച്ചുപൂട്ടി. അതിനുശേഷം ഇതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ശ്രീ. കെ. ജയകുമാർ ചെയർമാനായ കമ്മിറ്റി പരിശോധിക്കുകയും ചെയ്തു. ഏതാണ്ട് 216 കോടി 26 ലക്ഷം രൂപ നഷ്ടപരിഹാരം കണക്കാക്കുകയുണ്ടായി, ഇത് ഈടാക്കുന്നതിനുവേണ്ടി ട്രിബ്യൂണലിനെ 2011-ൽ സ്ഥാപിക്കുകയും ചെയ്തു. ഈ ബിൽ അയച്ചിട്ടും ഇപ്പോഴും അവർക്ക് നഷ്ടപരിഹാരം കിട്ടിയില്ല എന്നുമാത്രമല്ല, നിയമസഭ ഇത്രയും വികാരത്തോടുകൂടി പാസ്സാക്കിയ ഒരു ബില്ലിനോടുള്ള സമീപനം, കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ സ്വാധീനമായിരിക്കാം - ഈ ബിൽ പിൻവലിക്കണമെന്ന് ഒരു ഉദ്യോഗസ്ഥൻ കത്ത് അയച്ചിരിക്കുന്നു. അതും നിയമപ്രകാരമല്ല. അത് ഗൗരവമായി കാണണം. പ്രത്യേകിച്ച്, നിയമസഭ

പാസ്സാക്കുന്നൊരു ബില്ലിന് ഈയൊരു ഗതി വരികയാണെങ്കിൽ വളരെ ഗൗരവമായി കണ്ട് നടപടികളുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട സി. മമ്മൂട്ടി അവതരിപ്പിച്ച ക്രമപ്രശ്നം വളരെ പ്രസക്തമാണ്. 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബിൽ 2011 ഫെബ്രുവരി 24-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ആയത് ഭാരതത്തിന്റെ ഭരണഘടനയുടെ 200-ാം അനുച്ഛേദപ്രകാരം ബഹുമാനപ്പെട്ട കേരള ഗവർണ്ണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി നീക്കിവയ്ക്കുകയും ചെയ്തു. ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി അയച്ചുകൊടുത്തിട്ടുള്ള പ്രസ്തുത ബില്ലിന്മേൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സോളിസിറ്റർ ജനറലിന്റെ അഭിപ്രായം ആരായുകയും അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ബിൽ പിൻവലിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു. സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ആരായുകയും അദ്ദേഹം മുമ്പ് നൽകിയ നിയമോപദേശത്തിൽത്തന്നെ ഉറച്ചുനിൽക്കുന്നതായി മറുപടി

ലഭിക്കുകയും ചെയ്തു. അഡ്വക്കേറ്റ് ജനറലിന്റെ മുൻ അഭിപ്രായപ്രകാരം സംസ്ഥാന നിയമസഭയ്ക്ക് പ്രസ്തുത ബിൽ പാസ്സാക്കാൻ അധികാരമുണ്ടെന്നും അപ്രകാരം ബില്ലിൽ വ്യവസ്ഥചെയ്തപ്രകാരം പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കുന്നതിനും അധികാരമുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയുമുണ്ടായി. കൂടാതെ, ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളുടെ താൽപ്പര്യമാണ് പരമപ്രധാനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കേന്ദ്ര സർക്കാരിലേയ്ക്ക് മറുപടി അയയ്ക്കാനിരിക്കെ, കേന്ദ്ര സർക്കാരിൽ നിലവിലുണ്ടായിരുന്നതും സംസ്ഥാന നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ ഒപ്പിട്ടതും രാഷ്ട്രപതിയുടെ അനുമതിക്കായി ബഹുമാനപ്പെട്ട ഗവർണ്ണർ ഒപ്പിട്ട് അയച്ചതുമായ പ്രസ്തുത ബില്ലിന്റെ മൂന്ന് പകർപ്പുകളും 'returned herewith to the State Government treating the same as withdrawn' എന്ന് അറിയിച്ചുകൊണ്ട് തിരിച്ചയച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 07/2015-ലെ കത്ത് കേരളാ രാജ്ഭവനിലെ 09-07-2015-ലെ കത്ത് പ്രകാരം നിയമവകുപ്പിന് ലഭിക്കുകയും ആയതിന് സ്വീകരിക്കേണ്ട നടപടികളും ഭരണഘടനാവ്യവസ്ഥകളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഫയൽ ഭരണവകുപ്പായ ജലവിഭവ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുള്ളതുമാണ്. ഭരണഘടനയുടെ 200-ാം അനുച്ഛേദപ്രകാരം

ബഹുമാനപ്പെട്ട ഗവർണ്ണർ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി നീക്കിവയ്ക്കുന്ന പക്ഷം ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതി ആ ബില്ലിന് താൻ അനുമതി നൽകുന്നുവെന്നോ അല്ലെങ്കിൽ താൻ അനുമതി നൽകുന്നില്ലെന്നോ പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി സമർപ്പിക്കാതെ ആയത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിലേക്ക് തിരിച്ച് അയച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്. ഭാരതത്തിന്റെ ഭരണഘടന അനുസരിച്ച് സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബില്ലിന്മേൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്ക് മാത്രമേ അധികാരമുള്ളൂ. ഈ അധികാരം ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഭരണഘടയനുസരിച്ച് സംസ്ഥാനത്തിന്റെ ഗവർണ്ണർ നീക്കിവച്ച ഒരു ബില്ലിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനോ ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും വകുപ്പിനോ അതിന്റെ എക്സിക്യൂട്ടീവ് നടപടിയുടെ ഭാഗമായി സംസ്ഥാന സർക്കാരിലേക്ക് തിരിച്ച് അയയ്ക്കാനുള്ള അധികാരം ഭരണഘടന നൽകുന്നില്ല. രാഷ്ട്രപതിയിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ അധികാരങ്ങൾ വിനിയോഗിക്കാൻ കേന്ദ്ര സർക്കാരിന്റെ എക്സിക്യൂട്ടീവ് വിഭാഗത്തിന് സാദ്ധ്യമല്ലാത്തതും ഒരു സംസ്ഥാന നിയമസഭ പാസ്സാക്കിയ ബിൽ പിൻവലിക്കാൻ

സംസ്ഥാന സർക്കാരിനോട് നിർദ്ദേശിക്കാൻ പാടില്ലാത്തതുമാകുന്നു. മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്ന ഒരു ബിൽ പിൻവലിക്കാൻ നിയമപരമായി സാദ്ധ്യമല്ലാത്തതുമാണ്. Chaser Hind Private and Others Vs. National Textile Corporation AIR 2002 Supreme Court 3404 എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം പറയുന്നു. The words " reserved for consideration" would definitely indicate that there should be active application of mind by the President to the repugnancy pointed out between the proposed State Law and the earlier Law made by the Parliament and the necessity of having such a Law. ആയതിനാൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നടപടി ക്രമവിരുദ്ധവും ഭരണഘടനയുടെ അന്തഃസത്തയ്ക്ക് യോജിക്കാത്തതുമാണ്. ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ വ്യവസ്ഥയനുസരിച്ച് ഗവർണ്ണർ ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയാണെങ്കിൽ, ആ ബിൽ സംസ്ഥാന സർക്കാരിന്റെ നിയമനിർമ്മാണസഭയിലേയ്ക്ക് ഭരണഘടനയുടെ 200-ാം അനുച്ഛേദത്തിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഒരു സന്ദേശത്തോടുകൂടി തിരിച്ചയയ്ക്കുവാൻ രാഷ്ട്രപതിക്ക് ഗവർണ്ണറോട് നിർദ്ദേശിക്കാവുന്നതും അപ്രകാരം

ബിൽ തിരിച്ചയയ്ക്കുമ്പോൾ, ആ സന്ദേശം കിട്ടിയ തീയതി മുതൽ ആറ് മാസക്കാലത്തിനുള്ളിൽ അതിൻപ്രകാരം നിയമസഭ ആ ബിൽ വീണ്ടും പരിഗണിക്കേണ്ടതുമാണ്. ആയതിനാൽ ഭരണഘടനാപരമായ അത്തരത്തിലുള്ള ഒരു സന്ദേശത്തിന്റെ അഭാവത്തിൽ സംസ്ഥാന സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയ പ്രസ്തുത ബിൽ പുന:പരിഗണിക്കുന്നതിനോ പിൻവലിക്കുന്നതിനോ സാദ്ധ്യമല്ല. സംസ്ഥാന നിയമസഭ പാസ്സാക്കിയ ഒരു ബിൽ കേന്ദ്രസർക്കാരിന് പിൻവലിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ, ഈ വിഷയത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ ഭരണഘടനാ വിരുദ്ധമാകുന്നതോടൊപ്പം ഗവർണ്ണറിൽനിന്നും മേൽപ്രസ്താവിച്ച വിധം ഒരു സന്ദേശം ലഭിക്കാത്ത പക്ഷം സംസ്ഥാന നിയമസഭയ്ക്ക് ബിൽ വീണ്ടും പരിഗണിക്കാൻ സാദ്ധ്യമല്ലാത്തതുമാണ്. ആയതിനാൽ സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതും ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി 200-ാം അനുച്ഛേദപ്രകാരം കേരളാ ഗവർണ്ണർ നീക്കിവച്ചതുമായ പ്രസ്തുത ബിൽ പിൻവലിക്കുന്നതിനായി നിലപാട് സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കുന്നതല്ല എന്ന് കേന്ദ്രസർക്കാരിനെ അറിയിക്കാവുന്നതാണ്. മേൽസാഹചര്യത്തിൽ, സംസ്ഥാന സർക്കാർ നൽകിയ സ്പഷ്ടീകരണത്തിന്റെയും

വിശദീകരണങ്ങളുടെയും വെളിച്ചത്തിൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തോട് അവരുടെ നിലപാട് പുന:പരിശോധിക്കാൻ ആവശ്യപ്പെടാവുന്നതും പ്രസ്തുത മന്ത്രാലയം തിരിച്ചയച്ചതും സംസ്ഥാന നിയമസഭ പാസ്സാക്കി ബഹുമാനപ്പെട്ട സ്പീക്കർ ഒപ്പിട്ട് ബഹുമാനപ്പെട്ട ഗവർണ്ണർ, രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കും നീക്കിവച്ചതുമായ ബില്ലുകൾ പ്രസ്തുത ഭരണഘടനാവ്യവസ്ഥകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുനഃപരിഗണനയ്ക്കായി കേന്ദ്രസർക്കാരിലേയ്ക്ക് തിരിച്ചയക്കാവുന്നതുമാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടിയുടെ ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വളരെ വിശദമായ മറുപടിയാണ് നൽകിയത്. അതുകൊണ്ട് ആ മറുപടി ചെയർ ആവർത്തിക്കുന്നില്ല. പ്ലാച്ചിമട സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ പിൻവലിക്കാൻ സഭയോട് ആവശ്യപ്പെടേണ്ടിയിരുന്നത് ബഹുമാനപ്പെട്ട രാഷ്ട്രപതിയാണ്. നേരത്തെ ഈ സഭയുടെ കാലയളവിൽ തന്നെ 1999-ലെ കേരള ഗ്രാൻസ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ബിൽ പിൻവലിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ട അവസരത്തിൽ, അതിന്റെ നിയമവശം അവരെ അറിയിച്ചപ്പോൾ ബിൽ പിൻവലിക്കണമെന്ന് രാഷ്ട്രപതിയുടെ നിർദ്ദേശം ഗവർണ്ണറുടെ ഒരു

സന്ദേശമായി സഭയെ അറിയിക്കുകയും അതിന്റെ വെളിച്ചത്തിൽ ബിൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കൈക്കൊണ്ടിട്ടുള്ള ഈ നടപടി നിയമാനുസൃതമല്ല എന്ന് അവരെ നിയമവകുപ്പ് അറിയിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## 3. ബിൽ ഭരണഘടനാ വിരുദ്ധമാണെന്നത് സംബന്ധിച്ച്

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇന്ന് അവതരിപ്പിക്കുന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബിൽ ഓർഡിനൻസായി വരികയും അതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആ ഓർഡിനൻസ് പ്രകാരം അഞ്ച് അംഗങ്ങളുള്ള റിക്രൂട്ട്മെന്റ് ബോർഡിൽ ഒരാൾ ചെയർപേഴ്സണായിരിക്കേണ്ടതും മറ്റംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ആൾ ആയിരിക്കേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ആളുമാകുമ്പോൾ രണ്ട് സംവരണ സീറ്റുകളാണ് വരേണ്ടത്. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണത്തിലൂടെ ഓർഡിനൻസ് വഴി ലഭ്യമായിരിക്കുന്ന അവസരത്തെ നിഷേധിച്ചുകൊണ്ട് പട്ടികജാതിക്കാരിയായ ഒരു വനിതയെ അംഗമാക്കി വച്ച് പട്ടികജാതി/പട്ടികവർഗ്ഗ വനിത -ത്രീ ഇൻ വൺ

എന്നതുപോലെ സംവരണത്തെ അട്ടിമറിച്ചുകൊണ്ടാണ് ഈ ബോർഡ് രൂപീകരിച്ചിരിക്കുന്നത്. അങ്ങനെയൊരു ബോർഡ് രൂപീകരിക്കാൻ ഓർഡിനൻസ് പ്രകാരം ഗവൺമെന്റിന് അധികാരമില്ല. കാരണം ഈ ഓർഡിനൻസ് നിയമപ്രകാരമാണെങ്കിൽ ഇതിലെ ഒരംഗം ഒരു വനിതയായിരിക്കേണ്ടതാണ്. വനിത പട്ടികജാതിക്കാരിയോ ഹിന്ദുമത വിശ്വാസിയായ മറ്റേതെങ്കിലും ജാതിക്കാരിയോ ആകാം. പക്ഷേ രണ്ടാമത്തെ അംഗം പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉള്ള ആളായിരിക്കണം. എന്നാൽ ഗവൺമെന്റിന്റെ സ്ഥാപിത താല്പര്യത്തിനുവേണ്ടി ഏതോ ഒരാളെ അംഗമാക്കുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽ നിന്നുള്ള ആളെ ഒഴിവാക്കി പട്ടികജാതിക്കാരിയായ ഒരു വനിതയെ വച്ചിരിക്കുകയാണ്. ഇത് ക്രമവിരുദ്ധമായ കാര്യമാണെന്നുമാത്രമല്ല, ഭരണഘടന വ്യവസ്ഥയനുസരിച്ച് ലഭ്യമാകേണ്ട സംവരണത്തെതന്നെ അട്ടിമറിച്ചിരിക്കുകയാണ്. സംവരണത്തിലൂടെ സ്ഥാനങ്ങളിലേയ്ക്ക് വരേണ്ട ആളുകളുടെ കാര്യത്തിൽ നിയമവകുപ്പുതന്നെ നിയമം ലംഘിക്കുകയാണ്. സർക്കാരിന് രാഷ്ട്രീയ താൽപ്പര്യം വച്ചുകൊണ്ട് പല താൽപ്പര്യങ്ങളുമുണ്ടായേക്കാം. പക്ഷേ അതെല്ലാം നിയമപരമായി നടപ്പാക്കണമെന്ന് നിഷ്കർഷിക്കേണ്ടതും അതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതും നിയമവകുപ്പാണ്. ആ നിയമവകുപ്പ്

തന്നെ നിയമവിരുദ്ധമായ കാര്യത്തെ സാധൂകരിക്കുന്ന വിധത്തിൽ മറ്റൊരു അമെന്റ്മെന്റ് കൊണ്ടുവരികയാണ്. അതും സാധ്യമാകാതെ വന്നപ്പോൾ പുതിയ നിയമത്തിൽ അഞ്ച് അംഗങ്ങൾ എന്നത് ആറ് അംഗങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ചുരുക്കത്തിൽ ഈ റിക്രൂട്ട്മെന്റ് ബോർഡ് തന്നെ അസാധുവാണ്. ഈ അസാധുവായ ബോർഡ് എടുത്തിരിക്കുന്ന ഒരു നടപടിയും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. നിയമവിരുദ്ധമായി നിലവിലുള്ള ഭരണഘടനയനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമാകേണ്ട സംവരണതത്വത്തെതന്നെ ഈ ഗവൺമെന്റ് അട്ടിമറിച്ചിരിക്കുകയാണ്. ഇത് സവർണ്ണാധിപത്യത്തിന്റെ ബോർഡ് ആക്കി വച്ചിരിക്കുകയാണ്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇങ്ങനെ ചെയ്യുന്നത്; ഇതിന് നിയമപരമായി എന്ത് പ്രാബല്യമാണുള്ളത്; ഏത് ചട്ടവും നിയമവും അനുസരിച്ചാണ് ഇങ്ങനെ ചെയ്യുന്നത്? ഇവിടെ അവതരിപ്പിക്കാൻ പോകുന്ന ബില്ലിന് മുമ്പായി രൂപീകരിക്കപ്പെട്ടിരിക്കുന്ന ബോർഡ് അസാധുവാണെന്ന് ഞാൻ പറയുന്നു. ക്രമവിരുദ്ധമായാണ് ബോർഡ് രൂപീകരിച്ചിരിക്കുന്നത്. ക്രമവിരുദ്ധമായിത്തന്നെയാണ് പുതിയ ബില്ലിൽ അംഗങ്ങളുടെ എണ്ണം ആറാക്കി വർദ്ധിപ്പിച്ചിരിക്കുന്നത്. അത് അങ്ങ് പരിശോധിച്ച് ശരിയായ നിലയിൽ റൂളിംഗ് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ഒരു വനിതയും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളും ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലനിൽക്കെ അതിന് അനുസൃതമല്ലാത്ത പട്ടികജാതിക്കാരിയായ ഒരു വനിതയെ നിയമിച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ള ദേവസ്വം ബോർഡ് നിയമാനുസൃതമല്ല എന്നതാണ് ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നം. ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ/ഗോത്രവർഗ്ഗ വിഭാഗത്തിനും വനിതയ്ക്കും പ്രാതിനിധ്യം നൽകിക്കൊണ്ടാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. മാത്രമല്ല, ബോർഡിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ തന്നെ അത് ബോർഡിന്റെ പ്രവൃത്തികളും നടപടികളും അസാധുവാക്കുന്നതല്ല എന്ന് വ്യക്തമായി ബില്ലിന്റെ എഴാം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ നിയമനത്തിൽ ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ട് എന്ന് പറയുന്നത് ശരിയല്ല. ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ ഈ ബിൽ പരിഗണിച്ച സമയത്ത് ഈ പ്രശ്നം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ആ വേളയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ/ഗോത്ര വർഗ്ഗത്തിൽപ്പെട്ട ഒരാളെക്കൂടി

ഉൾപ്പെടുത്തി ബോർഡിന്റെ അംഗങ്ങളുടെ എണ്ണം ആറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആ പ്രൊപ്പോസലാണ് സഭയുടെ മുന്നിൽ വന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയുൾപ്പെടെ എല്ലാ വ്യവസ്ഥകൾക്കും 01.03.2014 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

റൂളിംഗ്

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. പ്രസ്തുത ഓർഡിനൻസിലെ ഏഴാം വകുപ്പനുസരിച്ച് ബോർഡ് രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ മെമ്പർമാരുടെ ഒഴിവോ ഉണ്ടെന്ന കാരണത്താൽ മാത്രം അതിന്റെ പ്രവൃത്തിയും നടപടിയും അസാധുവാകുന്നില്ല എന്നുണ്ട്. ഇക്കാരണത്താലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നം തള്ളുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, അങ്ങയുടെ റൂളിംഗ് അംഗീകരിക്കുന്നു. ........(മൈക്ക് ഓഫ്)....... ഇത് ക്രമപ്രകാരമല്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല ..........(മൈക്ക് ഓഫ്).......

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, ഈ ഓർഡിനൻസ് 19-ാം

തീയതി ലാപ്സായിക്കഴിഞ്ഞു. ഇന്നിവിടെ ബിൽ കൊണ്ടുവരികയാണ്. എന്ത് മാറ്റം വേണമെങ്കിലും ഇവിടെവച്ച് വരുത്താവുന്നതാണ്.

## 4. ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ലെന്നത് സംബന്ധിച്ച്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി ഇന്നലെ ചട്ടം 300 പ്രകാരം ഒരു പ്രസ്താവന ഇവിടെ നടത്തുകയുണ്ടായി. എന്റെ മണ്ഡലമായ പൊന്നാനിയിൽ വരുന്ന ഒരു തുറമുഖവുമായി ബന്ധപ്പെട്ട് വിശദമായ ഒരു പ്രസ്താവന നൽകുകയും 1000 കോടി രൂപയുടെ പദ്ധതിയെ സംബന്ധിച്ച് സഭയെ അറിയിക്കുകയും ചെയ്ത മന്ത്രിയുടെ നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ വസ്തുതാപരമായ ചില പിശകുകൾ അതിൽ വന്നിട്ടുണ്ട്. അതുകൂടി സഭയുടെ ഭാഗമായി മാറുന്ന ഈ രേഖയിൽ വരുന്നതാണ് ഉചിതമെന്നതുകൊണ്ട് ഇന്നലത്തെ പ്രസ്താവന ക്രമപ്രകാരമല്ല എന്ന് ഞാൻ പറയുകയാണ്. പദ്ധതിയുടെ ആസൂത്രണം, സ്വിസ് ചാലഞ്ച് പദ്ധതിപ്രകാരം അതിൽ തീരുമാനമെടുത്തത്, ടെണ്ടറിലൂടെ ബന്ധപ്പെട്ട കമ്പനിയെ തെരഞ്ഞെടുത്തത്, ഡി.പി.ആർ. തയ്യാറാക്കിയത്, അതിന് ഉത്തരവ് നൽകിയത് തുടങ്ങിയവയെല്ലാം മുൻസർക്കാരിന്റെ കാലത്തായിരുന്നു. ഉദാഹരണത്തിന് ജി.ഒ. (എം.എസ്)40/2008. എഫ്.എൻ.പി.ഡി തീയതി 04.07.2008-ൽ മലബാർ

പോർട്ടിനെ ഡി.പി.ആർ. ഉണ്ടാക്കുന്നതിന് ചുമതലപ്പെടുത്തി. ജി.ഒ. (എം.എസ്)13/2010 തീയതി 16.3.2010 മലബാർ പോർട്ട് നൽകിയ ഡി.പി.ആർ. അംഗീകരിച്ച് ഉത്തരവായി. ഈ ഡി.പി.ആർ-ന്റെ അനുബന്ധമായിട്ടാണ് പിന്നീട് 2011 ഒക്ടോബർ മാസത്തിൽ കൺസ്ട്രക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവയ്ക്കുന്നത്. എന്നാൽ ഇവിടെ നടത്തിയ പ്രസ്താവനയിൽ കൺസ്ട്രക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവച്ചതിനെക്കുറിച്ച് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. അങ്ങനെയൊരു പ്രസ്താവന സഭയിൽ വയ്ക്കുമ്പോൾ ആ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സഭയെയും അതുവഴി പൊതുജനങ്ങളെയും അറിയിക്കേണ്ട ബാധ്യത ഗവൺമെന്റിനുള്ളതുകൊണ്ട് അത് നിർവ്വഹിക്കാത്തതിനാൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ല എന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അതിൽ ഒരു ദുരുദ്ദേശവും ഉണ്ടായിരുന്നില്ല. ചട്ടം 300 അനുസരിച്ച് എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രസ്താവന നടത്തുന്ന പതിവുമില്ല. ആ പ്രസ്താവനയുടെ അവസാനം ബഹുമാനപ്പെട്ട എം.എൽ.എ-യ്ക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ് അത് കൺക്ലൂഡ് ചെയ്തത്. അപ്പോൾ ദുരുദ്ദേശമില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്.

അങ്ങനെ തെറ്റിദ്ധാരണയുണ്ടെങ്കിൽ ദയവായി അങ്ങ് അത് മാറ്റണം. ................ ഒരു പി.പി.പി. ടെണ്ടറായിരുന്ന നിങ്ങളുടെ കാലത്ത് വിളിച്ചത്. അത് പറയണ്ട എന്ന് വിചാരിച്ചതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 29.03.2015-ൽ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിലെ ചില കാര്യങ്ങൾ വസ്തുതാപരമല്ലെന്നാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉന്നയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തള്ളുന്നു.